# AMRITA VIDYALAYAM

## AMRITA II PRE BOARD EXAMINATION - 2017 - '18

**Class : X** **Marks : 80**

**Time : 3 hrs**

# മലയാളം

| |
|---|
| This question paper is divided into four sections. |
| Section A : Reading comprehension - 10 marks |
| Section B : Writing - 16 marks |
| Section C : Grammar - 17 marks |
| Section D : Text and Non-Detailed - 37 marks |

## എ. വിഭാഗം

**I. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

"എന്റെ ഇന്ത്യ ഇന്നും മുഖ്യധാരാ സമൂഹത്തിൽനിന്നും പാവപ്പെട്ടവരെയും അധഃസ്ഥിതരെയും അകറ്റി നിർത്തുന്ന ഇരുട്ടിന്റെ മറവിലാണ്. ഏവരും ആ ഇരുട്ടിനെ ഇല്ലാതാക്കാനും മറയ്ക്കപ്പെട്ട യാഥാർത്ഥ്യങ്ങളിലേയ്ക്ക് വെളിച്ചം വീശാനുമുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്." 1997– ൽ മഗ്സസെ പുരസ്കാരം സ്വീകരിച്ചുകൊണ്ട് മഹാശ്വേതാദേവി നടത്തിയ പ്രസംഗത്തിലെ വാക്കുകളാണിത്. ജീവിതത്തിലുടനീളം പ്രസ്തുത അന്ധകാരത്തെ ഇല്ലായ്മചെയ്യാനും അടിച്ചമർത്തപ്പെട്ടവരുടെ ഉന്നമനത്തിനും വേണ്ടിയാണ് മഹാശ്വേതാദേവി പ്രയത്നിച്ചത്. എഴുത്തിനപ്പുറം മാനവികത ഉയർത്തിപ്പിടിച്ച സാഹിത്യകാരിയെന്നാണ് മഹാശ്വേതാദേവിയെ എം.ടി. വാസുദേവൻനായർ വിശേഷിപ്പിച്ചത്. വായനക്കാർക്ക് ആസ്വാദന സുഖം മാത്രം സമ്മാനിക്കുന്നതായിരുന്നില്ല ശ്വേതയുടെ രചനകൾ. സമൂഹത്തിലെ ദുഷ്പ്രവണതകളെ തിരുത്തുന്ന, ദളിതരുടെയും ആദിവാസികളുടെയും പ്രശ്നങ്ങൾ മുഖ്യധാരയിലേക്കുയർത്തുന്ന ചാലകശക്തിയായിരുന്നു ഓരോ കൃതിയും. തന്റെ എഴുത്തിലൂടെ അഭിസംബോധന ചെയ്ത അധഃസ്ഥിതരുടെ പ്രശ്നങ്ങൾക്ക് പരിഹാരം തേടി മുന്നിൽ നിന്ന് പ്രക്ഷോഭം നയിക്കാൻ എന്നും മഹാശ്വേതയുണ്ടായിരുന്നു. എഴുത്തിനെ സാമൂഹിക സേവനമായി പരിവർത്തനം ചെയ്ത ശ്വേതയെ ജനങ്ങൾ സ്നേഹപൂർവ്വം ദീദിയെന്ന് വിളിച്ചു. ആദിവാസികൾ നേരിടുന്ന പാർശ്വവൽക്കരണവും ജാതീയ ഉച്ചനീചത്വങ്ങളും ഉദ്യോഗസ്ഥ അഴിമതികളുമെല്ലാം മഹാശ്വേതയുടെ രചനകളിലെ അക്ഷരഭൂപടമാണ്.

**ചോദ്യങ്ങൾ.**

1. മഗ്സസെ പുരസ്കാരം സ്വീകരിച്ച് മഹാശ്വേതാദേവി നടത്തിയ പ്രസംഗമെന്ത്? **2**
2. മഹാശ്വേതാദേവിയെ ശ്രീ. എം.ടി.വാസുദേവൻനായർ വിശേഷിപ്പിച്ചതെങ്ങനെ? **2**
3. ശ്വേതയുടെ രചനകളിലെ വിഷയമെന്ത്? **2**
4. ശ്വേതയുടെ രചനകളിലെ അക്ഷരഭൂപടമെന്ത്? **2**
5. ശ്വേതയുടെ കൃതികളുടെ ചാലകശക്തിയെന്ത്? ശ്വേത പ്രയത്നിച്ചത് എന്തിന്? **2**

## ബി. വിഭാഗം

**II.a) ഏതെങ്കിലും ഒരു വിഷയത്തെ ആസ്പദമാക്കി രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.** **8**

1. യുവതലമുറയിൽ ഇലക്ട്രോണിക് മാധ്യമങ്ങളുടെ സ്വാധീനം.
2. മതസൗഹാർദ്ദത്തിന്റെ ആവശ്യകത.
3. ജലസംരക്ഷണവും നമ്മുടെ ഭാവിയും.

**b)** 'റോഡുകളിൽ പൊലിയുന്ന ജീവനുകൾ' എന്ന വിഷയത്തെക്കുറിച്ച് ബോധവത്കരണ പരമ്പര പ്രസിദ്ധീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു പ്രമുഖ പത്രത്തിന്റെ പത്രാധിപർക്ക് കത്ത് തയ്യാറാക്കുക. **8**

## സി. വിഭാഗം

**III.a) പ്രയോഗം മാറ്റുക.** **2**

1. ഏതോ ശീലത്തിന്റെ സ്വാധീനത്തിൽ പാറാവുകാരൻ കടലാസ് നിവർത്തി നോക്കി.
2. അശ്വത്ഥാമാവിനാൽ പാണ്ഡവരുടെ മക്കൾ കൊല്ലപ്പെട്ടു.

**b) അംഗ അംഗി വാക്യം വേർതിരിക്കുക.** **2**

1. രാജാവിന്റെ വിലാപം കേട്ട ജനസഹസ്രങ്ങൾ കണ്ണും നിറച്ച് അങ്ങുമിങ്ങും പാഞ്ഞുപോയി.
2. അന്ന് ആ ദൂരം മുഴുവനും സന്താമായി നടന്നെത്തിയത് എന്നെയൊന്നു കാണാൻ മാത്രമായിരുന്നു.

**c) വാക്യതെറ്റ് തിരുത്തുക.** **2**

1. ഒടുവിൽ അവസാനം ആരോ പറഞ്ഞുകൊടുത്ത വഴിയിലൂടെ വെള്ളായിയപ്പൻ സാവധാനം പതുക്കെ നടന്നു.
2. കാറ്റും മഴയും വർഷവും വരുമ്പോഴോക്കെ അമ്മ പൂമുഖത്ത് ഉമ്മറത്ത് ചെന്നിരിക്കും.

**d) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക.** **2**

1. ചെന്നിരിക്കും 2. ഭദ്രമായി

**e) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക.** **2**

1. അക്ഷന്തവ്യം 2. ശിബിരദ്വാരം

**f) പര്യായപദങ്ങൾ എഴുതുക.** **2**

1. യാത്ര 2. യതി

**g) നാനാർത്ഥ പദങ്ങൾ എഴുതുക.** **2**

1. അങ്കം 2. ശല്യം

**IV. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരമെടുത്തെഴുതുക.**

**a) വിപരീതപദമെഴുതുക.** **1**

രഹിതം (സഹിതം, അരഹിതം, ഉചിതം, നിരഹിതം)
കൃതജ്ഞത (കൃതഘ്നത, കൃതഞ്ജത, കൃതഘ്നത, കൃതഞത)

**b) അർത്ഥവ്യത്യാസമെഴുതുക.** **1**

പ്രകൃതി – വികൃതി (സ്വഭാവം, രീതി, ഇഷ്ടകേട്, ദുർബുദ്ധി)
പ്രമാദം – പ്രമോദം (ആകൃതി, തെറ്റ്, സുഖം, സന്തോഷം)

**c) എതിർലിംഗം എഴുതുക.** **1**

ഭവാൻ (ഭവതി, ഭഗവതി, ഭാനുമതി, ഭവാനി)
അനുരക്തൻ (ആസക്ത, അനുരക്ത, അനുരക്തി, രക്ത)

## ഡി. വിഭാഗം

**V.a) ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.** **2½**

1. 'അമ്മത്തൊട്ടിൽ' എന്ന കൃതിയുടെ കർത്താവാര്?
(ഒ.എൻ.വി, വയലാർ, വള്ളത്തോൾ, റഫീക് അഹമ്മദ്)

2. മാനവപുരോഗതിയുടെ ചിത്രം വ്യക്തമാക്കുന്ന കവിതയേത്?
(അമ്മത്തൊട്ടിൽ, പ്രിയദർശനം, ലക്ഷ്മണസാന്ത്വനം, അശ്വമേധം)
3. വേഗേന നഷ്ടമാകുന്നത് എന്ത്?
(ധനം, രാജ്യം, ദേഹം, ആയുസ്സ്)
4. 'ദൃഷ്ടനായി ഭവാൻ' ഭവാൻ എന്നു വിശേഷിപ്പിച്ചതാരെ?
(ദിവാകരൻ, സൂര്യൻ, നളിനി, സന്യാസി)
5. നാദമായ് വന്നെന്റെ നാവിലെത്തേനായ് മാറിയതെന്ത്?
(അമ്മയുടെ എഴുത്തുകൾ, കവിയുടെ കഷ്ടപ്പാടുകൾ, മാവിന്റെ മണം, കാവ്യപാരമ്പര്യം)

**b)**1. അർക്കമാശി ഏതു ഭാഷയിൽ എഴുതപ്പെട്ടതാണ്? **2½**
(ഗുജറാത്തി, മറാത്തി, തെലുങ്ക്, മലയാളം)
2. ബാലസഹജമായ അഭിമാനത്തോടെ ലേഖകൻ ഓർത്തതെന്ത്?
(സ്വജീവിതം, വാക്ചാതുരി, അമ്മയുടെ എഴുത്തുകൾ, ഭാഷാലാളിത്യം)
3. അശ്വത്ഥാമാവ് ചവുട്ടികൊന്നതാരെ?
(ഭീമനെ, സഹദേവനെ, ദുശ്ശാസനെ, ധൃഷ്ടദ്യുമ്നനെ)
4. അധീശ്വരിയെപ്പോലെ നിന്നതാര്?
(കൊച്ചുചക്കരച്ചി, മാവിൻകൂട്ടം, അമ്മ, വൃദ്ധമുത്തശ്ശി)
5. നിസ്സഹായന്റെ നിലവിളിയായി കഥാന്ത്യത്തിൽ അനുഭവപ്പെടുന്നതെന്ത് ?
(പൊതിച്ചോറ്, തൂക്കുകയർ, മകന്റെ ശവശരീരം, ബലിച്ചോറ്)

## VI. ഉത്തരം എഴുതുക. 24

**a)**1. ജീവിതത്തിന്റെ നശ്വരത ശ്രീരാമൻ ലക്ഷ്മണനെ ബോധ്യപ്പെടുത്തുന്നതെങ്ങനെ?
2. മനുഷ്യന്റെ സർഗ്ഗശേഷി വിജയം നേടിയ ചരിത്ര മുഹൂർത്തങ്ങളെ കവി പരാമർശിക്കുന്നതെങ്ങനെ?
3. പുതുതലമുറയ്ക്കു നഷ്ടമാകുന്ന പാരമ്പര്യബോധത്തെക്കുറിച്ച് ഉത്ക്കണ്ഠപ്പെടുന്ന കവി ഹൃദയത്തിന്റെ തേങ്ങലാണ് 'അമ്മയുടെ എഴുത്തുകൾ' എന്ന കവിത. ആസ്വാദനം തയ്യാറാക്കുക.

**b)**1. പാണ്ഡവർ നേടിയ വിജയത്തെ വല്ലപാടും നേടിയ വിജയമെന്ന് ലേഖകൻ വിശേഷിപ്പിച്ചത് എന്തുകൊണ്ട്?
2. 'വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽ വച്ച് വൃക്ഷമായത് മാവു തന്നെയാണ്'. ഈ പ്രസ്താവന പാഠഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക.
3. എസ്.കെ. പൊറ്റക്കാട് അഭിമാനത്തോടെ ഓർക്കുന്ന സംഭവം എന്ത്?

## VII. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 8

1. കേരളീയ നവോത്ഥാനത്തിൽ ചട്ടമ്പിസ്വാമികൾ വഹിച്ച പങ്കെന്ത്?
2. സ്നേഹം എന്ന ശൃംഖലകൊണ്ട് ചേർത്തുകെട്ടിയ ഒരു പുതിയ സാമൂഹ്യവ്യവസ്ഥിതി കെട്ടിപ്പടുക്കുവാനായിരുന്നു സ്വാമികളുടെ പരിശ്രമം. വിലയിരുത്തുക.
3. സാധാരണക്കാരനായ സന്യാസിയായിരുന്നു ചട്ടമ്പിസ്വാമികൾ. വിലയിരുത്തുക.